# പുതുവായന
# പുതുചിന്ത



എഡിറ്റർ - ഡോ.എസ്.ജയൻ

Malayalam Language
**Puthu vayana**
**Puthu chintha**
Study

Edited
Dr. S. Jayan
Right Reserved

Publishers Address :
N.Narayananunni Public Library
Nedumoncavu Post
Kollam (Dist), Kerala-691509

Printing :
Nisha Offset Press, Nedumoncavu .
Cover Design :
R.K.Graphics

First Published : july 2021
ISBN : 978-81-951841-4-9

© N.Narayananunni Public Library

No Parts of this Publication may be transmitted in any form or by any means, without prior written permission of the editor.

# ഉള്ളടക്കം


പുതുകവിതയിൽ അലയുന്ന നിഴൽരൂപങ്ങൾ 7

*ഡോ. എം. എസ്. സുചിത്ര*

മലയാള കവിതയിൽ പൊളിച്ചെഴുതപ്പെടുന്ന പെണ്ണിടങ്ങൾ 12

*ഡോ. സ്മിതാ പ്രകാശ്*

സാമൂഹിക പ്രതിഫലനം സന്തോഷ്
എച്ചിക്കാനത്തിന്റെ കഥകളിൽ 28

*രേഖ എസ്.*

മുല്ലപ്പൂനിറമുള്ള പകലുകളിലെ
ജ്ഞാനപരിസരവും ഇടപെടലുകളും 36

*ലിജു ടി. വർഗ്ഗീസ്*

തീവണ്ടിയാത്ര ഒരു ചരിത്രരേഖ 52

*ഡോ.. എസ് ജയൻ*

മാധ്യമ സംസ്കാരം സമകാലിക മലയാള ചെറുകഥയിൽ 62

*ആര്യാ രാജ് ആർ.*

മൃതിയുടെ സമവാക്യങ്ങൾ സുഭാഷ് ചന്ദ്രന്റെ കഥകളിൽ 68

*അശ്വനി മോഹൻ പി.*

പെൺമയുടെ ആത്മഭാഷണങ്ങൾ
വി.എം. ഗിരിജയുടെ കവിതകളിൽ 74

*ദിവ്യ എൽ.*

സ്വവർഗ്ഗാനുരാഗത്തിന്റെ തലങ്ങൾ ആസിഡ് എന്ന നോവലിൽ79

*രശ്മി കെ.*

പ്രതിനായകത്വത്തിന്റെ ദൈവീകത 87

*സരിത എസ്. എൽ*

അംബികാസുതൻ മാങ്ങാടിന്റെ കഥകളിലെ ടെലികോം 94

*ഷൈനി പി.*

വള്ളുവനാടൻ ജനസംസ്കാരം എം.ടി. തിരക്കഥകളിൽ 103

*തിങ്കൾ യു. എസ്*

ഉത്തരാധുനികതയും അതീത യാഥാർത്ഥ്യവും 114

*എസ്. ആർ. ഹരിത*

# തീവണ്ടിയാത്ര - ഒരു ചരിത്രരേഖ

ഡോ. എസ്. ജയന്ത

ചരിത്രം ഇന്നലെകളുടെ അടയാളപ്പെടുത്തലാണ്. ഇന്നിനെ നിർമ്മിക്കുന്നതിൽ ചരിത്രം വലിയ പങ്ക് വഹിക്കുന്നു. ചരിത്രത്തിന്റെ അടയാളപ്പെടുത്തൽ വിമർശനങ്ങൾക്കും ചർച്ചകൾക്കും എക്കാലത്തും വിധേയമായിട്ടുണ്ട്. ചില സംഭവങ്ങളെ തമസ്കരിക്കുകയും ചിലതിനെ ഊതിവീർപ്പിച്ച ബലൂണുകളെപ്പോലെ അവതരിപ്പിക്കുകയും ചെയ്യുന്നു. ചരിത്രകാരന്റെ ചിന്തകൾക്കും വീക്ഷണങ്ങൾക്കും അനുസൃതമായി വികലമാക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുക സർവ്വസാധാരണമാണ്. ഇന്നലെകളിലുണ്ടായ ചരിത്ര സംഭവങ്ങളുടെ ഭൂമികയിലാണ് ഇന്നിന്റെ നിലനിൽപ്പ്. അതിനാൽ അവ രേഖപ്പെടുത്തേണ്ടത് ദേശങ്ങളുടെ മുന്നോട്ടുള്ള പ്രയാണത്തിന് അനിവാര്യമാണ്. ഇന്നലെകളെ രേഖപ്പെടുത്തുന്നതിന് പലരും പല മാർഗ്ഗങ്ങളും സ്വീകരിക്കാറുണ്ട്. ചരിത്രഗ്രന്ഥത്തിലെ വിവരണാത്മകവും സാമ്പ്രദായികവും വിരസവുമായ അടയാളപ്പെടുത്തലുകൾ പോലെതന്നെ പ്രധാനമാണ് സർഗ്ഗാത്മകമായ അവതരണവും. ഒരർത്ഥത്തിൽ സാഹിത്യകൃതികൾ ചരിത്രകൃതികൾ തന്നെയാണ്. നോവൽ, കഥ, കവിത, നാടകം എന്നിങ്ങനെയുള്ള വിവിധ സാഹിത്യരൂപങ്ങൾ പരിശോധിച്ചാൽ അത് ബോധ്യപ്പെടും. എഴുത്തുകാരന്റെ ചിന്തയേയും ഭാവനയേയും നിർണ്ണയിക്കുന്നതിൽ കഴിഞ്ഞകാല സംഭവങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. പുതിയകാല കവികളിൽ ശ്രദ്ധേയനായ അൻവർ അലിയുടെ കവിതകൾ ഇന്നലെകളുടെ ചരിത്രങ്ങൾ കൊണ്ട് സമ്പന്നമാണ്. കവിത ഒരു സർഗ്ഗസൃഷ്ടിയായതുകൊണ്ടുതന്നെ ചരിത്രസംഭവങ്ങളെ രേഖപ്പെടുത്തുന്നതും സർഗ്ഗാത്മകമായാണ്.

അൻവർ അലിയുടെ 'മെഹബൂബ് എക്സ്പ്രസ്-ഒരു ജീവിതരേഖ' എന്ന കവിത ഇന്ത്യൻ ചരിത്രത്തിൽ ഒട്ടേറെ വിവാദങ്ങൾക്കും ചർച്ചകൾക്കും വിധേയമായ സംഭവങ്ങളുടെ സർഗ്ഗാത്മകമായ അടയാളപ്പെടുത്തലാണ്. ചരിത്രബോധവും സർഗ്ഗാത്മകതയും ക്ഷീരനീരപാകേന കൂടിക്കലർന്ന ഒരു വിസ്മയ